# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6090** **10.7.2012-ൽ മറുപടിക്ക്**

**ഓടകളിലേയ്ക്ക് മാലിന്യമൊഴുക്കുന്ന സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ ഓടകളിലേയ്ക്ക് മാലിന്യവാഹിനി കുഴലുകൾ തുറക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;<br><br>ബി) നഗരങ്ങളിൽ മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കാതെ ഉപേക്ഷിക്കുന്ന ഹോട്ടലുകൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ ? | എ) & ബി) 1994ലെ കേരള മുൻസിപ്പാലിറ്റി ആക്ടിന്റെ 2011 ൽ വന്നിട്ടുള്ള ഭേദഗതി പ്രകാരം ഖരമാലിന്യങ്ങൾ ഓടയിലേക്കും ജലാശയങ്ങളിലേക്കും നിർമ്മാർജ്ജനം ചെയ്യുന്നത് നിരോധിക്കുകയും അത്തരത്തിലൂടെ സ്ഥാപനങ്ങളിൽ തന്നെ ഖരമാലിന്യസംസ്കരണ സംവിധാനം ഉണ്ടാക്കാനുമുള്ള ചുമതല അതാത് സ്ഥാപന ഉടമകൾക്കായിട്ടുണ്ട്. ഇതിനു വിപരീതമായി പ്രവർത്തിച്ചാൽ 6 മാസത്തിൽ കുറയാതെയും ഒരു വർഷം വരെയുള്ള തടവോ 10,000 രൂപയിൽ കുറയാതെയും, 50,000 രൂപ വരെയാകാവുന്ന പിഴയോ രണ്ടും കൂടിയോയുള്ള ശിക്ഷ നൽകാവുന്നതാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ്. |

സെക്ഷൻ ഓഫീസർ